# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. T 351 13/12/2018 ൽ മറുപടിക്ക്

### ശബരിമല മാസ്റ്റർ പ്ലാൻ

ചോദ്യം

ശ്രീ.അൻവർ സാദത്ത്
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.എം. വിൻസെന്റ്
ശ്രീ.എ.പി. അനിൽ കുമാർ

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് റവന്യൂ വകുപ്പിന്റെ പ്ലാൻ ഫണ്ടിന്റെ ഭാഗമായി നീക്കിവച്ച തുകയുടെ ഇരുപത് ശതമാനം മാത്രം 28.11.2018 വരെ ചെലവഴിക്കാനുണ്ടായ സാഹചര്യം വിലയിരുത്തുമോ; | (എ) | ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയ്ക്ക് 2018-19 വർഷം സംസ്ഥാന ബഡ്ജറ്റിൽ 28 കോടി രൂപ വകകൊള്ളിച്ചിരുന്നു.പ്രസ്തുത തുകയിൽ 22.44 കോടി രൂപ ഈ വർഷം അനുവദിച്ചതിൽ 28/11/2018 വരെ 12.22 കോടിരൂപ (54.4%) ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയായ 10.22 കോടി രൂപ ചെലവഴിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ബി) | ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് നാളിതുവരെ നടത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി തീർത്ഥാടകർക്ക് കൂടുതൽ സൗകര്യമൊരുക്കുന്നതിനുള്ള പ്രവർത്ത നങ്ങളാണ് നടന്നു വരുന്നത്.മരക്കൂട്ടം മുതൽ ശരംകുത്തിവരെയുള്ള ക്യൂ കോംപ്ലക്സ് നിർമ്മാണം പ്രതിദിനം 5 ദശലക്ഷം ലിറ്റർ മാലിന്യ സംസ്കരണ ശേഷിയുള്ള മാലിന്യ സംസ്കരണ പ്ലാന്റ്, 5000 പേർക്ക് ഒരേ സമയം ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള അന്നദാന മണ്ഡപം. ശുദ്ധജല വിതരണത്തിനായി 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള രണ്ട് ഗ്രൗണ്ട് ലെവൽ വാട്ടർ ടാങ്കുകൾ, നിലയ്ക്കലിൽ പൂർത്തിയാക്കിയ പിൽഗ്രിം വെയിറ്റിംഗ് ഹാൾ, വിരിവയ്ക്കാനുള്ള വലിയ നടപ്പന്തൽ, മരക്കൂട്ടത്ത് തീർത്ഥാടകർക്ക് സുഗമമായി സഞ്ചരിക്കുന്നതിന് അണ്ടർപാസ്, പമ്പയിൽ അന്നദാനമണ്ഡപം, റസ്റ്റോറന്റ് ബ്ലോക്ക്, പ്രസാദ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനുള്ള ഗോഡൗൺ സൗകര്യം, |

| | | | |
|---|---|---|---|
| | | | സന്നിധാനത്ത് നിർമ്മാണത്തിലിരിക്കുന്ന 60 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജല സംഭരണി, അയ്യപ്പഭക്തർക്കും ഉദ്യോഗസ്ഥർക്കും താമസിക്കുന്നതിനുള്ള ദർശനം കോംപ്ലക്സ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നാളിതുവരെ നടത്തിയിരിക്കുന്നത്. |
| (സി) | ശബരിമല മാസ്റ്റർ പ്ലാൻ നടത്തിപ്പ് വേഗത്തിലാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ശബരിമല മാസ്റ്റർ പ്ലാൻ നടത്തിപ്പ് വേഗത്തിലാക്കുവാൻ ഉന്നതാധികാര സമിതിയും സാങ്കേതിക സമിതിയും കൂടി ആവശ്യമായ തീരുമാനങ്ങൾ എടുത്തു വരുന്നു.കൂടാതെ ശബരിമലയിലെ വികസന പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ഭൂമി കുറവായതിനാൽ അടിയന്തിരമായി കൂടുതൽ വന ഭൂമി അനുവദിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് തിരുവിതാകൂർ ദേവസ്വം ബോർഡ് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ